LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് ജില്ലയിലെ പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ

57 [371] ശ്രീ. സി. പി. മുഹമ്മദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ നെല്ലായ, കുലുക്കല്ലൂർ, മുതുതല എന്നിവിടങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) പാലക്കാട് ജില്ലയിലെ നെല്ലായയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ആയത്, ജൂലായ് മാസത്തോടെ ഉദ്ഘാടനം നടത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കുലുക്കല്ലൂർ, മുതുതല എന്നിവിടങ്ങളിൽ അനുയോജ്യമായ കെട്ടിടം പഞ്ചായത്ത് അധികൃതർ ലഭ്യമാക്കിയാലുടൻ മാവേലി സ്റ്റോർ ആരംഭിക്കാവുന്നതാണ്.

കുറ്റ്യാടിയിൽ റേഷൻ മൊത്ത വ്യാപാര ഡിപ്പോ അനുവദിക്കൽ

58 [372] ശ്രീ. മത്തായി ചാക്കോ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മേപ്പയൂർ നിയോജകമണ്ഡലത്തിലെ കുറ്റ്യാടിയിൽ റേഷൻ മൊത്ത വ്യാപാര ഡിപ്പോ അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഇത് പ്രവർത്തനമാരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇവ പരിഹരിച്ച് ഡിപ്പോ കുറ്റ്യാടിയിൽ പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. 25-4-2003-ൽ വടകര താലൂക്കിലെ കുറ്റ്യാടി മേഖലയിൽ ഒരു മൊത്ത വ്യാപാര ഡിപ്പോ അനുവദിച്ചിട്ടുണ്ട്. ഈ ഉത്തരവിനെതിരെ നിലവിൽ മൊത്ത വ്യാപാര ഡിപ്പോ നടത്തുന്ന ശ്രീമതി വി. സി. ഫബിത ബഹു. കേരള ഹൈക്കോടതി മുമ്പാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ഇതിന്മേൽ 10-7-2003-ൽ ഹൈക്കോടതി, സർക്കാർ ഉത്തരവ് നടപ്പാക്കുന്നതിന് മുമ്പായി പരാതിക്കാരിയുടെ ഭാഗം കൂടി കേൾക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ കേൾക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.